പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5826 02.07.2019 ൽ മറുപടിയ്ക്ക്

# വാണിയംകുളം ഐടിഐ. -യുടെ നവീകരണം

*ചോദ്യം*

ശ്രീ.പി.കെ. ശശി :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| ഷൊർണ്ണൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന വാണിയംകുളം ഐടിഐ. -യുടെ നവീകരണത്തിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | വാണിയംകുളം ഐ.ടി.ഐയുടെ നവീകരണവുമായി ബന്ധപ്പെട്ട് രണ്ടാംഘട്ട കെട്ടിടനിർമ്മാണത്തിനായി 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലായി ആകെ 2.7 കോടി (രണ്ട് കോടി എഴുപത് ലക്ഷം) രൂപ അനുവദിച്ച് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സിവിൽ വർക്കുകളും ഇലക്ട്രിഫിക്കേഷനും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികളായ ചുറ്റുമതിൽ, വാച്ച്മാൻ കാബിൻ, റോഡ്, കിണർ മുതലായവയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ വാണിയംകുളം ഐ.ടി.ഐയിൽ പുതുതായി ഫിറ്റർ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ